പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1621 **01-07-2026-ൽ മറുപടിയ്ക്ക്**

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) പൂഴ്ത്തിവെയ്പ്പും കൃത്രിമ വിലക്കയറ്റവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുന്നതിനായി ജില്ലാ സപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അവരുടെ അധികാരപരിധിയിലുള്ള വിപണികളിൽ സ്ഥിരമായി പരിശോധന നടത്തിവരുന്നു. ടി പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ KTPDS (Control) Order, 2021 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയും അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുകയും കൃത്രിമ വിലക്കയറ്റം നിയന്ത്രിക്കുകയും ചെയ്യുന്നു. ഉത്സവ സീസണുകളിൽ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, കൃത്രിമ വിലക്കയറ്റം മുതലായവ തടയുന്നതിനും പൊതുവിപണിയിൽ പൊതുജനങ്ങൾ കാണത്തക്കവിധം വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനുമായി സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, പോലീസ്, ഭക്ഷ്യ സുരക്ഷാ എന്നി വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് കടകളിൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇതു മൂലം വിപണിയിൽ വിലനിലവാരം നിയന്ത്രിക്കുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, കൃത്രിമ വിലക്കയറ്റം തുടങ്ങിയവ തടയുവാനും സാധിക്കുന്നു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങളും മറ്റ് ഉപഭോക്തൃ വസ്തുക്കളും സപ്ലൈകോയുടെ വിപുലമായ വിതരണ ശൃംഖല വഴി ലഭ്യമാക്കുന്നത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടയുന്നതിനും സഹായകരമായിട്ടുണ്ട്.

(ബി) ഡിജിറ്റൽ സംവിധാനങ്ങൾ ശക്തമാക്കിക്കൊണ്ട് പൊതുവിതരണത്തിലെ അളവുതൂക്ക കൃത്യത ഉറപ്പുവരുത്തുന്നതിനും പരിശോധനകൾ ശക്തമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

മറുപടി: നിലവിൽ റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസ് ഉപയോഗിച്ചാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നത്. പൊതുവിതരണ സംവിധാനത്തിലെ അളവ് തൂക്ക കൃത്യത കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇലക്ട്രോണിക് വെയിംഗ് സ്കെയിൽ ഇ-പോസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത് പൂർത്തിയാകുന്നതോടെ അളവു തൂക്ക കൃത്യത പൂർണ്ണമായി ഉറപ്പുവരുത്തുവാൻ സാധിക്കുന്നതാണ്.

(സി) സ്വിഗ്ഗി, സൊമാറ്റോ പോലുള്ള ഓൺലൈൻ ഭക്ഷണവിതരണ ശൃംഖലയിൽ അളവുതൂക്കങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: സ്വിഗ്ഗി, സൊമാറ്റോ പോലുള്ള ഓൺലൈൻ ഭക്ഷണവിതരണ ശൃംഖലകൾ വഴിയുള്ള ഭക്ഷണവിപണനത്തിൽ അളവ് തൂക്കം സംബന്ധിച്ച പരാതികൾ ലഭിച്ചാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. ലീഗൽ മെട്രോളജി നിയമലംഘനങ്ങൾ നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖേന പരാതി നൽകുന്നതിനായി 'സുതാര്യം' മൊബൈൽ ആപ്ലിക്കേഷനും സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ